## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 876 — 30.01.2019 -ൽ മറുപടിയ്ക്ക്

## മൃഗഡോക്ടർമാരുടെ സേവനം

| ചോദ്യം<br>ശ്രീ.എം.സ്വരാജ് | | ഉത്തരം<br>ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചെറുകിട ക്ഷീര കർഷകരെയും ആട്/കോഴി വളർത്തുകാരെയും മറ്റും സഹായിക്കുന്ന തരത്തിൽ മൃഗഡോക്ടർമാരുടെ സേവനം ഈ സംരംഭങ്ങൾ നടത്തുന്ന സ്ഥലത്ത് ലഭ്യമാക്കുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | (എ) | സംസ്ഥാനത്തെ 105 ബ്ലോക്കുകളിൽ നടപ്പിലാക്കി വരുന്ന 'രാത്രികാല അടിയന്തര വെറ്ററിനറി സേവനം' പദ്ധതിയിൽ അടിയന്തരഘട്ടങ്ങളിൽ കർഷകന്റെ വീട്ടുപടിക്കൽ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി വരുന്നു. |
| (ബി) | മൃഗഡോക്ടർമാരുടെ സേവനം വിപുലപ്പെടുത്തുന്നതിന് കൂടുതൽ നടപടി സ്വീകരിക്കുമോ? | (ബി) | എല്ലാ ബ്ലോക്കുകളിലും രാത്രികാല അടിയന്തര വെറ്ററിനറി സേവനം ഏർപ്പെടുത്തുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പുതിയ മൃഗാശുപത്രികൾ, നിലവിലുള്ള മൃഗാശുപത്രികളുടെ അപ്ഗ്രേഡേഷൻ, ഷിഫ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കൽ എന്നിവയ്ക്കായി സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് മൃഗഡോക്ടർ-മാരുടെ സേവനം വിപുലപ്പെടുത്തുന്നതാണ്. |
| (സി) | ഇതിലേക്കായി മൊബൈൽ ക്ലിനിക്കുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? വിശദാംശം അറിയിക്കുമോ? | (സി) | ആധുനിക രോഗനിർണ്ണയ ചികിത്സാ സൗകര്യങ്ങളോടു കൂടിയ മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ് നിലവിൽ കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തോടനുബന്ധിച്ച് സേവനം നൽകി വരുന്നു. പുതിയ മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ആലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ